# കൊവിഡ് പ്രതിരോധം ശക്തമാക്കും

മാവേലിക്കര :തെക്കേക്കര പഞ്ചായത്തിനെ കണ്ടൈൻറ്മെൻറ് സോണാക്കി മാറ്റിയതോടെ പഞ്ചായത്തിൽ കൂടുതൽ പ്രതിരോധ  സംവിധാനങ്ങൾ ഏർപ്പെടുത്തുമെന്ന് ആർ. രാജേഷ് എം. എൽ. എ അറിയിച്ചു.
സ്രവപരിശോധന കൂടുതലാക്കി മാറ്റുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി 5വാഹനങ്ങൾ ജില്ലാ ആശുപത്രിയിൽ ലഭ്യമാക്കി . പഞ്ചായത്തിൽ വാർഡ് തല ജാഗ്രത സമിതികൾ ശക്തമാക്കികൊണ്ടുപോകും.
കണ്ടൈൻറ്മെൻറ് സോണിലായതിനാൽ ജനങ്ങൾക്ക് മരുന്ന്, അവശ്യ സാധനങ്ങൾ, വീടുകളിലേക്ക് ലഭ്യമാക്കുന്നതിന് വാളണ്ടിയർ സംവിധാനം ഉണ്ടാക്കും.
നിത്യോപയോഗ സാധനങ്ങൾ വീട്ടുപടിക്കലേക്കു എത്തിക്കുന്നതിന് കൺസ്യൂമർഫെഡിന്റെ സഞ്ചരിക്കുന്ന യൂണിറ്റ് പ്രവർത്തനമാരംഭിച്ചു കഴിഞ്ഞു.

ജനങ്ങൾ ഭയപ്പെടേണ്ടതില്ലെന്നും  ജാഗ്രത പാലിക്കണമണമെന്നും  നിലവിലെ സാഹചര്യത്തെ മറികടക്കാനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും
ആർ രാജേഷ് എംഎൽഎ അറിയിച്ചു.